**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1853** **04.05.2017-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ ക്യാൻവാസിംങ്-കം-കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ</u>**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ ക്യാൻവാസിംങ്-കം-കളക്ഷൻ ഏജന്റുമാരായി ജോലി ചെയ്യുന്നവർക്ക് നൽകുന്ന കമ്മീഷൻ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു മാസം 8 ലക്ഷം രൂപ വരെ ചിട്ടി പണം ശേഖരിച്ച് കൊണ്ടുവരുന്നവർക്ക് ശേഖരിച്ച തുകയുടെ 1.5% ഉം 8 ലക്ഷത്തിനും 15 ലക്ഷത്തിനുമിടയിൽ ചിട്ടി പണം ശേഖരിക്കുന്നവർക്ക് തുകയുടെ 1% ഉം 15 ലക്ഷത്തിനു മുകളിൽ ശേഖരിക്കുന്നവർക്ക് തുകയുടെ 0.5% ഉം കളക്ഷൻ കമ്മീഷനായി നൽകുന്നു. 10000/- രൂപയ്ക്ക് മുകളിൽ ശേഖരിക്കുന്ന ചെക്കുകൾ പ്രത്യേകമായി കണക്കാക്കി ഒരു ചെക്കിന് 150/- രൂപ എന്ന നിരക്കിൽ നിജപ്പെടുത്തിയിരിക്കുന്നു. 5000/- രൂപയോ അതിനു താഴെയോ തവണ സംഖ്യയുള്ള ചിട്ടികൾ ക്യാൻവാസ് ചെയ്യുന്ന ഏജന്റുമാർക്ക് ആദ്യ തവണ സംഖ്യയുടെ 15% ഉം 5000/- രൂപയ്ക്ക് മേൽ തവണ സംഖ്യയുള്ള ചിട്ടികൾ ക്യാൻവാസ് ചെയ്യുന്ന ഏജന്റുമാർക്ക് ആദ്യ തവണ സംഖ്യയുടെ 12% ഉം കമ്മീഷനായി നൽകുന്നു. 10000/- രൂപയിൽ കൂടുതൽ തവണ സംഖ്യയുള്ളതും എന്നാൽ 40 മാസത്തിൽ കുറവ് കാലാവധിയുള്ളതുമായ ചിട്ടികൾക്ക് 10% വുമാണ് കമ്മീഷൻ ആയി നൽകുന്നത്. |
| (ബി) | ഇത് എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 22.07.2008 ൽ നടന്ന ബോർഡ് മീറ്റിങ്ങിലെ 4560 നമ്പർ തീരുമാനം അനുസരിച്ചാണ് ഇത് നടപ്പാക്കിയിട്ടുള്ളത്. |
| (സി) | ഇവരുടെ ജോലിഭാരവും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും കണക്കിലെടുത്ത് കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) & (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് നൽകിവരുന്ന ഇൻഷ്വറൻസും ആനുകൂല്യങ്ങളും ഇവർക്കും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ.